**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **30-06-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗശല്യ പ്രതിരോധ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി 2016 ജൂൺ മുതൽ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി 2016 ജൂൺ മുതൽ വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ താഴെ പറയുന്നവയാണ്<br><br>1) ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണവും പരിപാലനവും<br><br>2) ആന പ്രതിരോധ മതിൽ നിർമ്മാണവും പരിപാലനവും<br><br>3. ആന പ്രതിരോധ കിടങ്ങ് - Stone Pitching<br><br>4. റെയിൽ ഫെൻസിംഗ് നിർമ്മാണവും പരിപാലനവും<br><br>5. സൗരോർജ്ജ വേലിയുടെയും, തൂക്കു വേലിയുടെയും നിർമ്മാണവും പരിപാലനവും<br><br>6. എലിഫന്റ് പ്രൂഫ് ഗെയിറ്റ്<br><br>7. ചെക്ക് ഡാമുകൾ, കുളങ്ങൾ, ജല സ്രോതസ്സുകൾ എന്നിവയുടെ നിർമ്മാണം/പുനരുജ്ജീവനം<br><br>8. ട്രാപ്പിംഗ് ആന്റ് ട്രാൻസ്പോർ ട്ടേഷൻ ഓഫ് ക്യാപ്ചേർഡ് അനിമൽസ്<br><br>ഇവ കൂടാതെ കൃഷിയിടങ്ങളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തുന്നതിനും ദ്രുത കർമ്മസേനയെ സഹായിക്കുന്നതിനും വാച്ചർമാരെ നിയോഗിച്ചു വരുന്നുണ്ട്. |
| (ബി) | വന്യമൃഗശല്യ പ്രതിരോധത്തിനായി വയനാട് ജില്ലയിൽ കഴിഞ്ഞ ആറ് വർഷം നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുക പദ്ധതി തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വന്യമൃഗ ശല്യ പ്രതിരോധത്തിനായി വയനാട് ജില്ലയിൽ കഴിഞ്ഞ ആറു വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ചെവലാക്കിയ തുക നുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ 6 വർഷം വന്യമൃഗശല്യ പ്രതിരോധ പദ്ധതികൾക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിച്ചത് വയനാട് ജില്ലയുടെ ഏത് ഭാഗത്താണെന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ? | (സി) | വയനാട് ജില്ലയിൽ വന്യജീവി സങ്കേതത്തിൽ കുറിച്യാട് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വനാതിർത്തിയിലാണ് കഴിഞ്ഞ 6 വർഷത്തിനുള്ളിൽ വന്യമൃഗശല്യ പ്രതിരോധ പദ്ധതികൾക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിച്ചത്. സുൽത്താൻ ബത്തേരി നഗരസഭയുടെയും പൂതാടി ഗ്രാമപഞ്ചായത്തിന്റെയും വനാതിർത്തിയായ സത്രംകുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി.മീ ദൂരത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മാണത്തിന് 1297 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിലെ സൗത്ത് വയനാട് ഡിവിഷനിൽ ചെതലത്ത് റെയിഞ്ചിന്റെ പരിധിയിൽ (സുൽത്താൻ ബത്തേരി താലൂക്ക്) 1058.49 ലക്ഷം രൂപ മുതൽ മുടക്കി 7.84 കി.മീ. ദൂരം എലിഫന്റ് പ്രൂഫ് വാൾ നിർമ്മാണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-1</u>

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | BUDGET 2018-19-Protecting the sides and Raising the bund at Girirajanchira,Pannakkachira edachira,Purathechira in Nehru Trophy ward in Alappuzha Muncipality. (G.O(Rt)124/2019/WRD dated 27/02/2019) | 800.00 | ആലപ്പുഴ മുനിസിപ്പാലിറ്റി | 50% |
| 2 | Budjet work 2018-19- Renovation of Thondankulangara Mahadevekshetrakulam in Alappuzha Muncipality in Alappuzha LA constituency. (G.O(Rt)389/2019/WRD dated 01/06/2019) | 50.00 | ആലപ്പുഴ മുനിസിപ്പാലിറ്റി | പൂർത്തീകരിച്ചു. |
| 3 | Budget work - 2021-22 - Renovation of Thambakachuvadu Paravakkal Naga kshethra pond in Mannanchery Panchayath in Alappuzha LAC (G.O(Rt)30/2022/WRD dated 15/01/2022) | 31.00 | മണ്ണഞ്ചേരി | 50% |
| 4 | Budget work 2019-20 Renovation of Kaiththil pond in Aryad Panchayath in Alappuzha LAC (G.O(Rt)681/2020/WRD dated 03/11/2020) | 100.00 | ആര്യാട് | 50% |
| 5 | Budget work-Providing Drainage Facilities by Constructing Cut and cover in Kochimganam parambu road in Canal ward in Alappuzha Municipality in Alappuzha LA Constituency. (G.O(Rt)30/2022/WRD dated 15/01/2022) | 222.00 | ആലപ്പുഴ മുനിസിപ്പാലിറ്റി | ഭരണാനുമതി ലഭിച്ചു സാങ്കേതികാനുമതി നല്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ